പട്ടയ കക്ഷികളോട് പറഞ്ഞിരുന്നു. എന്നാൽ ചിറയിൻകീഴ് തഹസിൽദാരുടെ നേതൃത്വത്തിൽ പോലീസ് സന്നാഹത്തോടെ സ്ഥലത്തെത്തിയെങ്കിലും പരിസരവാസികളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ടി ഭൂമിയിൽ കയറാനോ കല്ലിടുന്നതിനോ പട്ടയകക്ഷികൾക്ക് പ്ലോട്ട് കൈമാറാനോ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ ഒരു ഗൂഢനീക്കവും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിട്ടില്ല. ഇതിനകത്ത് സീറോ ലാൻഡ് ലെസ്സ് പദ്ധതി (ഭൂരഹിതരില്ലാത്ത കേരളം പദ്ധതി) യുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി കേരളത്തിലങ്ങോളമിങ്ങോളം കണ്ടെത്തിക്കൊണ്ടാണ് ഇത് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഒരിഞ്ച് ഭൂമിപോലുമില്ലാത്ത പാവപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് മുമ്പോട്ടുപോകുന്നയവസരത്തിൽ ഇതുപോലെയുള്ള എതിർപ്പുകളുണ്ടായാൽ ഇതൊക്കെ അംഗീകരിക്കാൻ കഴിയുന്നതല്ല. കാരണം ഒരിഞ്ച് ഭൂമിയില്ലാത്ത പാവപ്പെട്ട ആളുകളെ കണ്ടെത്തി സർക്കാരിന്റെ അധീനതയിലുള്ള ഭൂമി കൊടുക്കുവാൻ പോലും അനുവദിക്കുന്നില്ലെന്ന് പറയുമ്പോൾ അതൊരു ഇരട്ടത്താപ്പ് നയമാണ്. അത് ശരിയല്ല. എന്തായാലും ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇന്ന് പല നേതാക്കൻമാരുടെയും നേതൃത്വത്തിൽ പലയിടങ്ങളിലും ഇതുപോലെയുള്ള സംഭവങ്ങൾ നടക്കുകയാണ്. സർക്കാർ, ഭൂമി കണ്ടെത്തി കൊടുക്കുമ്പോൾ അതിനെ എതിർക്കുക, ഭൂമി കൊടുക്കണമെന്നാവശ്യപ്പെടുക ഇതൊക്കെ ശരിയായിട്ടുള്ള ഒരു നിലപാടല്ലെന്നാണ് എനിക്ക് ഇക്കാര്യത്തെക്കുറിച്ച് വ്യക്തമാക്കാനുള്ളത്.

9. സദുദ്ദേശ ലേഖനത്തിന് അവാർഡ്

ശ്രീ. പി. ഉബൈദുള്ള : സർ, വളർന്നുവരുന്ന തലമുറയിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയുടെ ഭവിഷത്തുകളെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചകളാണ് ഏതാനും ദിവസങ്ങളായി നിയമസഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. മദ്യം വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികളാണ് കഴിഞ്ഞകാലങ്ങളിൽ എക്സൈസ് വകുപ്പ് സ്വീകരിച്ചിരുന്നതെങ്കിൽ ലഹരിവിമുക്ത കേരളമെന്ന ലക്ഷ്യംവച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ എക്സൈസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നത് സ്വാഗതാർഹമാണ്. മദ്യവ്യാപനം തടയുന്നതിനും മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും സഹായകരമായ രീതിയിൽ ജനങ്ങളെ ആകർഷിക്കുന്ന കലാജാഥയുൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പ് നേരിട്ട് നടത്തിക്കൊണ്ടിരിക്കുന്നുവെന്നത് ആശ്വാസകരമാണ്. സ്കൂൾ വിദ്യാർത്ഥികളിൽപ്പോലും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അതിനുപുറമെ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' എന്ന പുതിയ പദ്ധതിയും ശ്രദ്ധേയമാണ്. ലഹരി വിരുദ്ധ സംഘടനകളെയും സന്നദ്ധ പ്രവർത്തകരെയും ലഹരി വിരുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

ക്ലബ്ബുകളെയും അംഗീകരിക്കുന്നതിനും അവർക്ക് പ്രോത്സാഹനം നൽകുന്നതിനുംവേണ്ടി പാരിതോഷികം നൽകാൻ സർക്കാർ തീരുമാനിച്ചത് നല്ല കാര്യമാണ്. ഇതോടൊപ്പം വിദ്യാർത്ഥികളിൽ ഏറെ സ്വാധീനം ചെലുത്താൻ കഴിയുന്ന മാധ്യമമാണ് സ്കൂൾ-കോളേജ് മാഗസിനുകൾ. മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗംകൊണ്ടുണ്ടാകുന്ന വിപത്തുകൾ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഏറ്റവും നല്ല ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്കൂൾ-കോളേജ് മാഗസിനുകൾക്ക് എല്ലാവർഷവും പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നത് നന്നായിരിക്കും. ഒരു ജില്ലയിൽ ഓരോ സ്കൂളും കോളേജും വീതം തെരഞ്ഞെടുക്കുന്നതായിരിക്കും കൂടുതൽ ഉചിതം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ ലഹരിവിരുദ്ധ ക്ലബ്ബുകളിൽനിന്നും ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ച ലഹരിവിരുദ്ധ ക്ലബ്ബിനേയും ക്ലബ്ബ് അംഗത്തെയും തെരഞ്ഞെടുത്ത് എല്ലാവർഷവും അവാർഡ് നൽകിവരുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകൾക്ക് പൊതിയ തോതിൽ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഇതേ മാതൃകയിൽ സംസ്ഥാന സ്കൂൾ മാഗസിനുകളിൽ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരിവിരുദ്ധ ലേഖനത്തിന് അവാർഡും സാമ്പത്തിക സഹായവും നൽകുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. ഈ നിർദ്ദേശം അങ്ങേയറ്റം സ്വാഗതാർഹമാണ്.

10. ഫിഷറീസ് ഹാർബറും ഓലക്കീൽകടവ് പാലവും

ശ്രീ. റ്റി. വി. രാജേഷ്: സർ, ഉത്തര മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു മത്സ്യബന്ധന കേന്ദ്രമാണ് പുതിയങ്ങാടി. അവിടെ വളരെ സജീവമായി പ്രവർത്തിക്കുന്ന 650 മത്സ്യത്തൊഴിലാളികളും 160 മത്സ്യബന്ധനയാനങ്ങളുമുണ്ട്. അവിടെ ഒരു ഫിഷിംഗ് ലാന്റോ വാർഫോ ഒന്നും തന്നെയില്ല. ഇപ്പോൾ ആകെയുള്ളത് ഒരു ജെട്ടിപാർ മാത്രമാണ്. 1960-ൽ മലബാറിൽത്തന്നെ ഏറ്റവും പഴയ ഒരു ഐസ് പ്ലാന്റ് ആരംഭിച്ച സ്ഥലമാണിത്. അതിന്റെ പ്രാധാന്യം കണക്കിലെടുത്താണ് അന്ന് ഐസ് പ്ലാന്റ് അവിടെ നൽകിയിട്ടുള്ളത്. തത്വത്തിൽ അവിടെ ഹാർബർ അംഗീകരിച്ചിട്ടുണ്ട്. അതിന്റെ മാതൃകാ പഠനം പുനയിലെ CWPRS (Central Water and Power Research Station)-നെ ഏൽപ്പിച്ചിരിക്കുകയാണ്. പഠനം അനിശ്ചിതമായി നീണ്ടുപോകുകയാണ്. മൺസൂൺ കാലത്ത് അവിടെ ലാന്റിംഗിന്റെ പേരിൽ പലപ്പോഴും മത്സ്യത്തൊഴിലാളികൾ തമ്മിൽ സംഘർഷങ്ങളുണ്ടാകാറുണ്ട്. തലനാരിഴ യ്ക്കാണ് ആ സംഘർഷങ്ങൾ ഒരു കലാപത്തിലേക്ക് വഴിമാറാതിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly